**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

**4071-C-2014-KSHO** **24.09.2016**

# സർക്കുലർ

**വിഷയം: കുടുംബശ്രീ – ഫൈനാൻഷ്യൽ ലിറ്ററസി ക്യാമ്പെയിൻ– മാർഗ്ഗ നിർദ്ദേശങ്ങൾ – പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്:–**

2.6 ലക്ഷം അയൽക്കൂട്ടങ്ങൾ, 19,677 എഡിഎസ്സുകൾ, 1072 സിഡിഎസ്സുകൾ എന്നിവ അടങ്ങുന്ന വിപുലമായ സാമൂഹ്യ സംഘടനാ സംവിധാനമാണ് കുടുംബശ്രീ. ഒരു കുടുംബത്തിൽ നിന്നും ഒരു അംഗം എന്ന നിലയിൽ 40 ലക്ഷം കുടുംബങ്ങൾ ഇന്ന് കുടുംബശ്രീ സംവിധാനത്തിൽ അംഗങ്ങളാണ്. അയൽക്കൂട്ട–എഡിഎസ്–സിഡിഎസ് സംവിധാനങ്ങളിലൂടെ വലിയ തോതിലുള്ള ധനവിനിയോഗ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഓരോ അയൽക്കൂട്ട–എഡിഎസ്–സിഡിഎസ് സംവിധാനവും തങ്ങളുടെ പരിധിയിൽ വരുന്ന ബാങ്കുകളെയാണ് സാമ്പത്തിക പ്രവർത്തനങ്ങൾക്കായി ആശ്രയിക്കുന്നത്. ബാങ്കുകൾ മുഖേന ലഭ്യമാകുന്ന വിവിധ സേവനങ്ങളെയും സമയബന്ധിതമായി ലഭ്യമാകുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങളെയും സേവനങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് വ്യക്തമായ അറിവും ധാരണയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ അംഗങ്ങൾക്ക് ഉണ്ടാകേണ്ടതുണ്ട്. കൂടാതെ, ബാങ്കിംഗ് പ്രവർത്തനുവമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് സമീപിക്കേണ്ട പരാതി പരിഹാര സംവിധാനങ്ങളെ സംബന്ധിച്ചും വ്യക്തമായ ധാരണ ഉണ്ടാകേണ്ടതുണ്ട്. ഇത് കുടുംബശ്രീ അയൽക്കൂട്ട–എഡിഎസ്–സിഡിഎസ് സംവിധാനങ്ങളിൽ കാര്യക്ഷമമായ സാമ്പത്തിക മാനേജ്മെന്റിനും മെച്ചപ്പെട്ട വിഭവ വിനിയോഗ സമീപന രീതി രൂപപ്പെടുത്തുന്നതിനും സഹായകരമാകും. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ആർബിഐ, എസ്എൽബിസി, ലീഡ് ബാങ്ക്, ഫൈനാൻഷ്യൽ ലിറ്ററസി സെന്ററുകൾ, വിവിധ ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെ വിപുലമായ ഫൈനാൻഷ്യൽ ലിറ്ററസി ക്യാമ്പെയിൻ 2014 മുതൽ നടത്തിവരുന്നുണ്ട്. ക്യാമ്പെയിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:–

1) ബാങ്കിംഗ് നടപടി ക്രമങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് പ്രാഥമിക അറിവും ധാരണയും രൂപപ്പെടുത്തുക.
2) വിവിധ ബാങ്കിംഗ് സേവനങ്ങളെക്കുറിച്ചും അവ ഫലപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുക.

3) സ്വകാര്യ ധന ഇടപാടു സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അമിത പലിശയ്ക്ക വായ്പ എടുക്കുന്നതിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കികൊടുക്കുക.
4) ബാങ്കുകൾ, അയൽക്കൂട്ടങ്ങൾ, സിഡിഎസ്സുകൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന വായ്പകളുടെ കൃത്യമായ തിരിച്ചടവിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
5) ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തി സുസ്ഥിരമായ സാമ്പത്തിക സ്ഥിതി കൈവരിക്കാൻ അയൽക്കൂട്ടങ്ങളെ പ്രേരിപ്പിക്കുക.
6) അയൽക്കൂട്ടങ്ങൾക്കായുള്ള ബാങ്കുകളുടെ വിവിധ പദ്ധതികളെ പ്രയോജനപ്പെടുത്തുക.
7) ഗുണഭോക്തകളുടെ ബാങ്കുകളുമായുള്ള പരാതി പരിഹാരത്തിനുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവും കഴിവും വികസിപ്പിക്കുക.
8) ബാങ്കുകളും കുടുംബശ്രീയും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക.

ബാങ്ക് ലിങ്കേജ് കുറവുള്ള സിഡിഎസ്സുകളെ ഉൾപ്പെടുത്തി ഫിനൻഷ്യൽ ലിറ്ററസി ക്യാമ്പെയിൻ സംഘടിപ്പിക്കേണ്ടതാണ്. ലീഡ് ബാങ്ക് മാനേജർ, എഫ്എൽസി കൗൺസിലർമാർ എന്നിവരുടെ സഹകരണത്തോടെ ആയിരിക്കണം സംഘടിപ്പിക്കേണ്ടത്. പ്രസ്തുത പരിപാടി ഡോക്യുമെന്റ് ചെയ്ത് റിപ്പോർട്ട് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന ഫൈനാൻഷ്യൽ ലിറ്ററസി ക്യാമ്പെയിന് ആവശ്യമായ തുക എൻആർഎൽഎം ഫണ്ടിലെ ഫൈനാൻഷ്യൽ ലിറ്ററസി ക്യാമ്പെയിൻ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർമാർക്കും
2. എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

***പകർപ്പ്***
കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.